സ.ഉ.(കൈ) നം.56/2022/SCSTD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

DIRECTOR · SCHEDULED CASTE DEVELOPMENT · 29 DEC · Thiruvananthapuram

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - തിരുവനന്തപുരം രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ ഓരോ അദ്ധ്യയന വർഷവും 3 പട്ടികജാതി വിദ്യാർത്ഥികൾക്കും, 2 പട്ടികവർഗ വിദ്യാർത്ഥികൾക്കും, ഒരു മറ്റർഹ വിദ്യാർത്ഥിക്കും കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് പഠനത്തിനായി സ്കോളർഷിപ്പ് അനുവദിക്കുന്നതിന് 'വിങ്സ്' എന്ന പേരിൽ പദ്ധതി സംഗ്രഹിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്

സ.ഉ.(കൈ) നം.56/2022/SCSTD

തീയതി,തിരുവനന്തപുരം, 27-12-2022

---

പരാമർശം:- 12.10.2004ലെ സ.ഉ (സാധാ) നം.71/2004/പജപവവിവ നമ്പർ ഉത്തരവ്

ഉത്തരവ്

കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സിന്റെ ഓരോ ബാച്ചിലും കേരള ഏവിയേഷൻ ട്രെയിനിംഗ് സെന്റർ സ്ഥാപനം (ഇപ്പോൾ രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമി) നടത്തുന്ന യോഗ്യതാ പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ ഉയർന്ന റാങ്ക് നേടിയ ഒരു പട്ടികജാതി വിഭാഗം വിദ്യാർത്ഥിക്കും ഒരു പട്ടികവർഗ വിദ്യാർത്ഥിക്കും പരാമർശം (1) പ്രകാരം സ്കോളർഷിപ്പ് അനുവദിച്ച് ഉത്തരവായിരുന്നു. തുടർന്ന്, വ്യവസ്ഥകൾ സംഗ്രഹിച്ച് 'വിങ്സ്' എന്ന പേരിൽ ടി പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിരുന്നു. ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ പാലിച്ചു കൊണ്ട് 'വിങ്സ് സ്കോളർഷിപ്പ്' 2021-22 അധ്യയന വർഷം മുതൽ അനുവദിച്ച് ഉത്തരവാകുന്നു.

1. രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമി, അതാത് വകുപ്പ് ഡയറക്ടറുടെ സഹകരണത്തോടെ അർഹരായ പരമാവധിപ്പേരുടെ അപേക്ഷകൾ സ്വീകരിക്കേണ്ടതാണ്.
2. രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമി ഓരോ അദ്ധ്യയന വർഷവും തിരഞ്ഞെടുക്കുന്ന 3 പട്ടികജാതി വിദ്യാർത്ഥികൾക്കും, 2 പട്ടികവർഗ വിദ്യാർത്ഥികൾക്കും, ഒരു മറ്റർഹ വിദ്യാർത്ഥിക്കും ടി സ്ഥാപനത്തിൽ കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് പഠനത്തിനായി സ്കോളർഷിപ് നൽകുന്നതാണ്.
3. രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമി നടത്തുന്ന സുതാര്യമായ യോഗ്യതാ പരീക്ഷയിൽ മാർക്കിന്റെ അടിസ്ഥാനത്തിൽ ഉയർന്ന റാങ്കോടു കൂടി യോഗ്യത നേടുന്നവരിൽ ഏറ്റവും കുറവ് വരുമാനമുള്ള വിദ്യാർത്ഥികൾക്ക് മുൻഗണന നൽകേണ്ടതാണ്.
4. പരിശീലന കാലയളവിൽ പരിശീലനത്തിന്റെ പുരോഗതി വീക്ഷിച്ച ശേഷം മാത്രം, ഘട്ടം ഘട്ടമായി സ്കോളർഷിപ്പ് തുക അനുവദിക്കുന്നതാണ്.
5. ഏതെങ്കിലും കാരണവശാൽ പരിശീലനം പൂർത്തിയാക്കാതെ വന്നാൽ, വാങ്ങിയ തുക മുഴുവൻ തിരിച്ചടച്ചു കൊള്ളാമെന്ന് വിദ്യാർത്ഥിയുടെ പക്കൽ നിന്ന് വാങ്ങിയ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യത്തിന്റെ ആദ്യഗഡു നൽകുന്നതാണ്.
6. കോഷൻ ഡെപ്പോസിറ്റ്, പി.റ്റി.എ ഫണ്ട് തുക എന്നിവ സ്കോളർഷിപ്പ് തുകയിൽ ഉൾപ്പെടുന്നതല്ല.
7. മേൽപ്പറഞ്ഞ വ്യവസ്ഥകൾ പാലിച്ച് രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമി നടത്തുന്ന കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സിന് മാത്രമാണ് ഈ സ്കോളർഷിപ്പ് അനുവദിക്കുന്നത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രശാന്ത് എൻ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA), കേരള, തിരുവനന്തപുരം

ഡയറക്ടർ, രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി, തിരുവനന്തപുരം.

പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം) വകുപ്പ്

പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Asha Madhu**
**Date: 28-12-2022 11:40:15**
സെക്ഷൻ ഓഫീസർ